# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.685 13.07.2012 ൽ മറുപടിക്ക്

### ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. പി. വിൻസെന്റ്: | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ പാസ്സാക്കി നൽകുന്ന നടപടിക്രമം ലഘൂകരിക്കുമോ ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ബില്ലുകൾ പാസ്സാക്കി നൽകുന്നത് കേരളാ ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ്, 1960 പ്രകാരമാണ്. പ്രസ്തുത ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ബില്ലുകൾ പാസ്സാക്കി നൽകുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 5000 രൂപ വരെയുള്ള ക്ലെയിമുകളുടെ അനുവദനീയത പരിശോധിക്കുന്നത് അതാത് വകുപ്പും 5000 രൂപ മുതൽ 25,000 രൂപവരെയുള്ള ക്ലെയിമുകൾ ജില്ലാ മെഡിക്കൽ ഓഫീസറും 25,000/- രൂപയ്ക്ക് മുകളിലുള്ള ക്ലെയിമുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറുമാണ് . പ്രസ്തുത സാമ്പത്തിക പരിധി അതാത് വകുപ്പുകൾക്ക് 25,000 രൂപയായും ജില്ലാ മെഡിക്കൽ ഓഫീസർക്ക് 1,00,000 രൂപയായും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് 1,00,000 രൂപയ്ക്ക് മുകളിലായും ഉയർത്തി നിശ്ചയിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. അംഗീകൃത മെഡിക്കൽ ഓഫീസർ റഫർ ചെയ്യുന്ന കേസുകളിൽ സർക്കാർ അംഗീകൃത ആശുപത്രികളിലെ ചികിത്സാ ചെലവ് |

| | | | |
|---|---|---|---|
| | | | അനുവദനീയമായ സാമ്പത്തിക പരിധിക്കുള്ളിൽ റീ ഇമ്പേഴ്സ് ചെയ്യുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ അനുമതി തേടേണ്ടതില്ലെന്ന് വിവിധ വകുപ്പുകളെ അറിയിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ ആശുപത്രികൾ, ആർ.സി.സി, ശ്രീചിത്രാ മെഡിക്കൽ സെന്റർ എന്നിവയിലെ റീഇംബേഴ്സ്മെന്റ് ബില്ലുകളെ ഡി.എം.ഒ / ഡയറക്ടറുടെ ശുപാർശയിൽ നിന്നും ഒഴിവാക്കുമോ ; | (ബി) | കേരളാ ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ്, 1960 പ്രകാരം മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലെയിമുകളുടെ അർഹതാ നിർണ്ണയ പരിശോധന യാണ് ജില്ലാ മെഡിക്കൽ ഓഫീസർ / ആരോഗ്യ വകുപ്പ് ഡയറക്ടർ നടത്തുന്നത്. മറിച്ച് ശുപാർശ ചെയ്യുകയല്ല. പ്രസ്തുത പരിശോധന ഒഴിവാക്കാനാവില്ല. |
| (സി) | സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുന്നവർക്ക് റഫറൻസ് വേണമെന്ന വ്യവസ്ഥ ഒഴിവാക്കി റീ ഇംബേഴ്സ്മെന്റ് നൽകുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ? | (സി) | കേരളാ ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ്, 1960 പ്രകാരം ഗവൺമെന്റ് ആശുപത്രിയിൽ ആവശ്യമായ സൗകര്യങ്ങൾ ഇല്ലാതെ വരുമ്പോൾ മാത്രമാണ് അംഗീകൃത മെഡിക്കൽ ഓഫീസർ രോഗിയെ സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നത്. പ്രസ്തുത വ്യവസ്ഥ ഒഴിവാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ